187 (2503) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം സംബന്ധിച്ച്, ഡ്രഗ്സ് കൺട്രോളർ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് എന്നിവർ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളും ഇതേ തുടർന്നുള്ള അവരുടെ രാജിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ ഡ്രഗ്സ് കൺട്രോളർ തന്റെ രാജി തീരുമാനം പിൻവലിച്ചതായി അറിയിച്ചിട്ടുണ്ട്.

(ബി) രാജിക്കിടയായ സാഹചര്യം പരിശോധിക്കുന്നതാണ്.

188 (2504) കണ്ണൂർ ജില്ലാ ആശുപത്രിയിൽ വികലാംഗ സർട്ടിഫിക്കറ്റ് നൽകുവാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഈ വർഷം എത്ര വികലാംഗ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) 1999 ജൂലൈ മാസത്തിനുശേഷം വികലാംഗ സർട്ടിഫിക്കറ്റുകൾ നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999-2000 വർഷത്തിൽ 958 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.

(ബി)&(സി) വികലാംഗ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ചില പൊതു പരാതികൾ ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

189 (2505) മഞ്ചേരിയിലെ ജില്ലാ മെഡിക്കൽ ഓഫീസ് കെട്ടിടം പണി പൂർത്തീകരിക്കാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ ജില്ലാ മെഡിക്കൽ ഓഫീസ് ഏതു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly